# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2220 — 10.10.2011 ൽ മറുപടിക്ക്

## സ്കൂൾ വാഹനാപകടങ്ങൾ

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|
| (എ) സംസ്ഥാനത്ത് സ്കൂൾ വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) സ്കൂൾ ബസ്സുകൾക്കെല്ലാം എമർജൻസി എക്സിറ്റ് നിർബന്ധമാക്കി കൊണ്ടുള്ള കരട് ചട്ടങ്ങളുടെ ഭേദഗതി പ്രസിദ്ധീകരിച്ചു കഴിഞ്ഞു. സ്കൂൾ ബസ്സുകളുടെ അമിത വേഗത നിയന്ത്രിക്കുക എന്നുള്ള ഉദ്ദേശ്യത്തോടു കൂടി സ്കൂൾ ബസ്സുകൾക്ക് സ്പീഡ് ഗവർണർ നിർബന്ധമാക്കുന്നതിനുള്ള ഭേദഗതി പരിഗണനയിലാണ്. കൂടാതെ സ്കൂൾ ബസുകളുടെ സുരക്ഷ മുൻ നിർത്തിക്കൊണ്ട് ചില മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുള്ള കേരള മോട്ടോർ വാഹന ചട്ടം 153 ഭേദഗതി ചെയ്ത് ഉൾപ്പെടുത്തുന്നതിനായുള്ള നിർദ്ദേശവും പരിഗണനയിലാണ്. ഇത് കൂടാതെ 1989 ലെ കേരള മോട്ടോർ വാഹന ചട്ടം 290 ഭേദഗതി ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) സഞ്ചാരക്ഷമമല്ലാത്ത വാഹനങ്ങൾ റിപ്പയർ ചെയ്ത് സ്കൂൾ വാഹനങ്ങളായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) സ്കൂൾ ബസ്സുകളായി ആൾട്ടർ ചെയ്ത് ഉപയോഗിക്കുന്ന വാഹനങ്ങൾ ട്രാൻസ്പോർട്ട് വാഹനങ്ങൾ എന്ന ഗണത്തിൽപ്പെടുന്നവയാണ്. ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് വാർഷികമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടേണ്ടതായിട്ടുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി ഹാജരാക്കുന്ന വാഹനങ്ങൾ സഞ്ചാരക്ഷമമല്ലെങ്കിൽ പ്രസ്തുത വാഹനങ്ങൾക്ക് ഫിറ്റ്നസ് നൽകാറില്ല. |
| (സി) എങ്കിൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; | (സി) ഫിറ്റ്നസ് ഇല്ലാത്ത വാഹനങ്ങൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) സ്കൂൾ വാഹനങ്ങൾ നിയമങ്ങളും വ്യവസ്ഥകളും പാലിക്കുന്നുണ്ടോ എന്നു നിരീക്ഷിക്കുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ് വിദ്യാഭ്യാസ വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുന്ന പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്കും, സൂപ്രണ്ട് ഓഫ് പോലീസുമാർക്കും ആർ.ടി.ഓ മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ